**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1752** **11-10-2024 - ൽ മറുപടിയ്ക്ക്**

**ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വിവിധ കോഴ്സുകളിലായി ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലക്ക കീഴിൽ ആകെ എത്ര പഠിതാക്കളാണുള്ളതെന്നും , പ്രസ്തുത വിദ്യാർത്ഥികൾക്കായി സ്ഥിരം തസ്തികയിൽ നിയമതരായ എത്ര സർവകലാശാല ജീവനക്കാരാണ് നിലവിലുള്ളതെന്നും തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിൽ നിലവിൽ അമ്പതിനായിരത്തോളം വിദ്യാർത്ഥികളാണ് വിവിധ കോഴ്സുകളിൽ പഠിക്കുന്നത്. സർവകലാശാലയിൽ അനുവദിച്ചിട്ടുള്ള തസ്തികകളിൽ ഡെപ്യൂട്ടേഷൻ / കരാർ രീതിയിൽ നിയമനം നടത്തുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്, സ്ഥിരം നിയമനം അനുവദിച്ചിട്ടില്ല. |
| (ബി) | സർവകലാശാലയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ;ആകെ എത്ര തസ്തികകൾ സൃഷ്ടിക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്; | (ബി) | പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്ന് സർവകലാശാല ആവശ്യപ്പെട്ടിട്ടുണ്ട്. അധികമായി 43 അധ്യാപക തസ്തികകളും 56 അനധ്യാപക തസ്തികകളും അനുവദിക്കണമെന്നാണ് സർവകലാശാല ആവശ്യപ്പെട്ടിട്ടുള്ളത്. |
| (സി) | സർവകലാശാല ആരംഭിച്ച് നാല്ല വർഷമായിട്ടും സ്ഥിരം തസ്തികകൾ സൃഷ്ടിച്ച് ജീവനക്കാരെ നിയമിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (സി) | ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിൽ ആകെ 118 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികകളിൽ ഡെപ്യൂട്ടേഷൻ / കരാർ രീതിയിൽ നിയമനം നടത്തുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. |
| (ഡി) | സംസ്ഥാനത്തെ മറ്റ് സർവകലാശാലകൾ വിദൂര വിദ്യാഭ്യാസത്തിലൂടെ നടത്തിയിരുന്ന അക്കാദമിക് പ്രോഗ്രാമുകൾ പുതിയ സർവ്വകലാശാലയുടെ ഭാഗമാക്കിയപ്പോൾ മറ്റു സർവ്വകലാശാലകളിൽ അധികമാകുന്ന അസിസ്റ്റന്റുമാരെ ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയ്ക്ക് മാറ്റുമെന്ന് പ്രഖ്യാപിച്ചിരുന്നോ;എങ്കിൽ അധിക തസ്തികകൾ മാറ്റാൻ കഴിയാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; | (ഡി) | മറ്റ് സർവകലാശാലകളിൽ അധിക തസ്തികകൾ കണ്ടെത്തുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ഇ) | സർവകലാശാലയിൽ സ്ഥിരം അധ്യാപക തസ്തികകളില്ലാത്തത് അദ്ധ്യയനത്തെ ബാധിക്കുമെന്നും ,ഇത് പഠിതാക്കളുടെ കൊഴിഞ്ഞു പോക്കിന് കാരണമാകുമെന്നും കരുതുന്നുണ്ടോ; | (ഇ) | കരുതുന്നില്ല. |

| | | | |
|---|---|---|---|
| (എഫ്) | ഇത് പരിഹരിക്കുന്നതിനായി അധ്യാപകരുടെയും ജീവനക്കാരുടെയും തസ്തികകൾ അടിയന്തരമായി സൃഷ്ടിച്ച് സർവകലാശാലയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | സർവകലാശാലയിൽ അധിക തസ്തിക സൃഷ്ടിക്കുന്നത് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ